# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1021** | **30.01.2019-ൽ മറുപടിക്ക്**

## സൂപ്പർമാർക്കറ്റുകളിലെയും ഷോപ്പിംഗ് മാളുകളിലെയും തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സൂപ്പർമാർക്കറ്റുകളിലും ഷോപ്പിംഗ് മാളുകളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും തൊഴിൽ സാഹചര്യങ്ങളും വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അത് മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് ഇതിനകം നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) സൂപ്പർമാർക്കറ്റുകളും ഷോപ്പിംഗ് മാളുകളും ഉൾപ്പെടെയുള്ള കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് എതിരെ ചട്ടപ്രകാരം ശക്തമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ യഥാസമയം ഫയൽ ചെയ്യുന്നുണ്ട്. മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് എതിരെ പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 16/09/2015 ലെ ജി.ഒ(പി) നം.134/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം, 1961 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഭേദഗതി വരുത്തുകയും ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ് ലെറ്റ് സൗകര്യം. 20 ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം. സൗജന്യ താമസ സൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് . 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ആക്ടിലെ വകുപ്പ് 21 (ബി) പ്രകാരം സ്ത്രീ തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. |
| (സി) | സംസ്ഥാനത്ത് മിനിമം കൂലി പ്രഖ്യാപിക്കാത്ത മേഖലകൾ, അവയിൽ മിനിമം കൂലി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടും മിനിമം കൂലി പ്രഖ്യപിക്കാത്ത 4 മേഖലകളുണ്ട്. ആയതിൽ മിനിമം കൂലി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.